പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 235 — 05.10.2016-ൽ മറുപടിക്ക്

## ഇതരസംസ്ഥാന തൊഴിലാളികളുടെ ആധിക്യം

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. മഞ്ഞളാംകുഴി അലി<br>,, പി.കെ. കുഞ്ഞാലിക്കുട്ടി<br>,, സി. മമ്മൂട്ടി | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) കായികശേഷി വേണ്ടതും അപകടസാദ്ധ്യതയുള്ളതുമായ തൊഴിൽ മേഖലകളിൽ ഇതരസംസ്ഥാന തൊഴിലാളികൾ ധാരാളമായി തൊഴിലെടുക്കാൻ തയ്യാറായി വരുന്നതു മൂലം തദ്ദേശ തൊഴിലാളികൾ പ്രസ്തുത മേഖലകൾ ഉപേക്ഷിച്ച് മറ്റ് ധനാഗമ മാർഗ്ഗങ്ങൾ തേടുന്നതു കൊണ്ടുള്ള പ്രശ്നങ്ങൾ പഠിക്കാൻ സംവിധാനമൊരുക്കുമോ;<br><br>(ബി) സംസ്ഥാനത്തിന്റെ കാർഷിക, നിർമ്മാണ, ചെറുകിട വ്യവസായ മേഖലകളിൽ ഇതുമൂലമുണ്ടാകുന്ന സാമ്പത്തിക പ്രത്യാഘാതങ്ങൾ പരിശോധിക്കുമോ? | (എ) & (ബി) കായികശേഷി വേണ്ടതും അപകട സാദ്ധ്യതയുള്ളതുമായ തൊഴിൽ മേഖലകളിൽ ഇതര സംസ്ഥാന തൊഴിലാളികൾ ധാരാളമായി തൊഴിലെടുക്കാൻ തയ്യാറായി വരുന്നുണ്ട്. തദ്ദേശ തൊഴിലാളികൾ പ്രസ്തുത മേഖലകൾ പൂർണ്ണമായും ഉപേക്ഷിച്ചു എന്ന് ഇതിന് അർത്ഥമില്ല. പുതിയ തൊഴിൽ മേഖലകൾ ഉരുത്തിരിയുമ്പോൾ തദ്ദേശ തൊഴിലാളികൾ അത്തരം മേഖലകളിലേയ്ക്കുകൂടി ശ്രദ്ധ കേന്ദ്രീകരിക്കുന്നത് സ്വാഭാവികമാണ്. ഇത് മൂലം പ്രശ്നങ്ങളോ സാമ്പത്തിക പ്രത്യാഘാതങ്ങളോ ഉണ്ടായിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് പഠനം നടത്തേണ്ട സാഹചര്യം ഉണ്ടാകുന്ന പക്ഷം യുക്തമായ തീരുമാനം അപ്പോൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ